# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2454

01/04/2013-ൽ മറുപടിയ്ക്ക്

## പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കൃഷ്ണൻ | ശ്രീ.പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ജലസേചന വിഭാഗത്തിൽ നിലവിൽ അംഗീകാരം ലഭിച്ച് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും പ്രവൃത്തി ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ജലസേചന വിഭാഗം ഇറിഗേഷൻ ഡിവിഷൻ തലശ്ശേരിയുടെ കീഴിൽ ഏഴിമല നാവിക അക്കാഡമിയുമായി ബന്ധപ്പെട്ട് കവ്വായി കായലിന്റെ കര സംരക്ഷണ പ്രവൃത്തികൾക്കുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് 52000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഭരണാനുമതി നൽകിയ മറ്റു പ്രവൃത്തികൾ ഒന്നും നിലവിലില്ല. |
| ബി) പ്രസ്തുത വിഭാഗത്തിൽ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളും അവയുടെ നിലവിലുള്ള അവസ്ഥയും വിശദമാക്കുമോ? | ബി) പ്രസ്തുത വിഭാഗത്തിൽ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളും അവയുടെ നിലവിലുള്ള അവസ്ഥയും **അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

റിവർ മാനേജ്മെന്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകേണ്ട രണ്ട് പ്രവൃത്തികൾ താഴെ വിവരിക്കുന്നു. ( 1,2)

1. എരമം കുറ്റൂർ പഞ്ചായത്തിൽ വാർഡ് XIII ൽ വണ്ണാത്തി പുഴയുടെ ഇടതുകര സംരക്ഷണം - 17.00 ലക്ഷം
2. പയ്യന്നൂർ മുൻസിപ്പാലിറ്റിയിൽ കാപ്പാട് എന്ന സ്ഥലത്ത് നിലവിലുള്ള സംരക്ഷണഭിത്തിയുടെ മുകൾഭാഗത്ത് തുടർച്ചയായി പെരുമ്പാപുഴയുടെ വലതുകര സംരക്ഷണം - 10.75 ലക്ഷം
3. വെള്ളപ്പൊക്കക്കെടുതി പയ്യന്നൂർ മുൻസിപ്പാലിറ്റിയിൽ കാപ്പാട് എന്ന സ്ഥലത്ത് നിലവിലുള്ള സംരക്ഷണഭിത്തിയുടെ താഴെ ഭാഗത്ത് പെരുമ്പാപുഴയുടെ വലതുകര സംരക്ഷണം 14.90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.
4. രാമന്തളി പഞ്ചായത്തിൽ പുന്നക്കടവ് റോഡ് പാലത്തിന് മുകൾഭാഗത്തായി പെരുമ്പാപുഴയുടെ ഇടതുകര സംരക്ഷണം - 22.00 ലക്ഷം Head of Account - 2711-01-103-98 ബഡ്ജറ്റ് പ്രവൃത്തിയിൽ 2012-13 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തികൾ

1. **നബാർഡ് ആർ.ഐ.ഡി.എഫ് - XVI എം. ഐ. ക്ലാസ് 1** - കണ്ണൂർ ജില്ലയിൽ ചെറുപുഴ പഞ്ചായത്തിൽ, കാര്യങ്കോട് പുഴയ്ക്ക് കുറുകെ, ചെറുപുഴയിൽ ട്രാക്ടർ വേയോടുകൂടിയ ഒരു വെന്റഡ് ഡാമിന്റെ നിർമ്മാണം.

   മുകളിൽ പറഞ്ഞ പദ്ധതിയുടെ ഡിസൈൻ അംഗീകരിക്കുകയും, അതുപ്രകാരം 8.85 കോടി രൂപ വിലമതിയ്ക്കുന്ന എസ്റ്റിമേറ്റ്, എസ്.ഒ.ആർ 2012 പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. മിർപ്പ : കണ്ണൂർ ജില്ലയിൽ കാങ്കോൽ - ആലപ്പടമ്പ പഞ്ചായത്തിൽ കിങ്കുഴിയിൽ, കരിങ്കുഴിത്തോടിനു കുറുകെ ഒരു റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം.

   മുകളിൽ പറഞ്ഞ പദ്ധതിയുടെ ഡിസൈൻ അംഗീകരിച്ചുകിട്ടിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത പദ്ധതിയുടെ മെക്കാനിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മലമ്പുഴ മെക്കാനിക്കൽ ഡിവിഷനിൽ നിന്നും 7.3.2013 കത്തു പ്രകാരം ലഭ്യമായിട്ടുണ്ട്. അതിൻ പ്രകാരം പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് എസ്.ഒ.ആർ. 2012 അനുസരിച്ച് തയ്യാറാക്കി വരുന്നു.

### പ്രയോറിറ്റി മൈനർ ഇറിഗേഷൻ

3. കണ്ണൂർ ജില്ലയിൽ എരമം - കുറ്റൂർ പഞ്ചായത്തിൽ മാവുള്ളപൊയിലിൽ പെരുമ്പടവം തോടിനു കുറുകെ (മാവുള്ളപൊയിൽ തോട്) ഒരു വി.സി.ബി. കം ബ്രിഡ്ജിന്റെ നിർമ്മാണം

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഡിസൈൻ അംഗീകരിച്ചുകിട്ടിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത പദ്ധതിയുടെ മെക്കാനിക്കൽ പ്രവർത്തികളുടെ എസ്റ്റിമേറ്റ് മലമ്പുഴ മെക്കാനിക്കൽ ഡിവിഷനിൽ നിന്നും ലഭ്യമായിക്കഴിഞ്ഞാൽ, എസ്.ഒ.ആർ 2012 പ്രകാരം പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

4. കണ്ണൂർ ജില്ലയിൽ എരമം കുറ്റൂർ പഞ്ചായത്തിൽ, വട്ട എന്ന സ്ഥലത്ത് വരിക്കപ്പുഴയുടെ വലതുകരയുടെ സംരക്ഷണ പ്രവർത്തികൾ.

ടി പ്രവർത്തിയുടെ ഭരണാനുമതി റിവൈസഡ് എസ്.ഒ.ആർ 2010 പ്രകാരം 15.00 ലക്ഷം രൂപയ്ക്ക് നൽകുകയും, പ്രവർത്തി 24.3.2012 ൽ ടെണ്ടർ ചെയ്യുകയുമുണ്ടായി. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് 45% മാണ്. എന്നാൽ പ്രസ്തുത നിരക്കിൽ നിന്നും താഴേയ്ക്ക് വരുവാനുള്ള സമ്മതം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അറിയിയ്ക്കാത്തതിനാലും ഫേം പീരിയഡ് നീട്ടുവാൻ ടെണ്ടറർ തയ്യാറാകാത്തതിനാലും പ്രസ്തുത ടെണ്ടർ മടക്കി അയയ്ക്കുകയും പുനർ ദർഘാസ് നടത്തുവാൻ ഉത്തരവിടുകയും ചെയ്തു. അതു പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് എസ്.ഒ.ആർ 2012 പ്രകാരം തയ്യാറാക്കി വരുന്നു.

5. പ്രൊജക്ട് മെയിന്റനൻസ് - പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ മുപ്പോട് തോടിന് എസ്.ഡബ്ല്യൂ.ഇ.സി. ബി. യുടെ മുകൾ ഭാഗത്ത് മുക്കോട് തോടിന്റെ പുനരുദ്ധാരണ പ്രവർത്തി.

15.00 ലക്ഷം രൂപ ഭരണാനുമതി നൽകിയിരുന്ന ടി പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവർത്തി പൂർത്തിയാക്കാത്തതിനാൽ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പ്രവർത്തി ടെർമിനേറ്റ് ചെയ്യുകയുണ്ടായി. ശേഷം ടി പ്രവർത്തി പുനരാരംഭിക്കുന്നതിനു വേണ്ട 23.00 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് എസ്.ഒ.ആർ 2012 പ്രകാരം തയ്യാറാക്കുകയും, പണി എത്രയും വേഗത്തിൽ തീർക്കുന്നതിനു വേണ്ടി പുനർ ദർഘാസ് പരസ്യം ചെയ്തിരിക്കുകയുമാണ്. ദർഘാസ് നടപടികൾ പൂർത്തിയായാൽ നിയമപ്രകാരമുള്ള അനന്തര നടപടികൾ വേഗത്തിൽ കൈകൊള്ളുന്നതുമാണ്.

6. **പ്രൊജക്ട് മെയിന്റനൻസ്**

പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ, വെള്ളൂർ വില്ലേജിൽ, നാഗത്തും മൂല വി.സി.ബിയുടെ മുകൾ ഭാഗത്ത് കൊലയക്കരത്തോടിന്റെ പാർശ്വ സംരക്ഷണ പ്രവർത്തികൾ.

15.00 ലക്ഷം രൂപ ഭരണാനുമതി നൽകിയിരുന്ന ടി പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ, പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. ശേഷം ടി പ്രവർത്തി പുനരാരംഭിക്കുന്നതിനു വേണ്ടി 23.00 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് എസ്.ഒ.ആർ 2012 പ്രകാരം തയ്യാറാക്കുകയും, പുനർ ദർഘാസ് പരസ്യം ചെയ്തിരിക്കുകയുമാണ്. ദർഘാസ് നടപടികൾ പൂർത്തിയായാൽ നിയമപ്രകാരമുള്ള അനന്തര നടപടികൾ വേഗത്തിൽ കൈകൊള്ളുന്നതാണ്.

Section Officer